3. പ്രാദേശികമായി കൂടിവെള്ള ഗുണനിലവാര പരിശോധനയ്ക്ക് അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സജ്ജമാക്കുക.

പദ്ധതി നടപ്പാക്കുന്നതിന് സി.സി.ഡി.യു.-ന്റെ നേതൃത്വത്തിൽ മേൽനോട്ട സംവിധാനം സജ്ജമാക്കിയിട്ടുണ്ടായിരുന്നു. പരിസ്ഥിതി കാരണാസാഹചര്യത്തിയാന വകുപ്പിന്റെ പദ്ധതിയായിരുന്നതിനാൽ തുടർന്ന് മറ്റിടങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടില്ല.

ബഞ്ച് മാർക്കിംഗ് സംവിധാനം

126 (6831) ശ്രീ. എം. പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസേചന സംവിധാനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ജലസേചന പദ്ധതികളിലാണ് "ബഞ്ച് മാർക്കിംഗ് സംവിധാനം" നടപ്പിലാക്കിയിട്ടുള്ളത് ;

(സി) "ബഞ്ച് മാർക്കിംഗ് സംവിധാനം" നടപ്പിലാക്കുന്നതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിന് ബഞ്ച് മാർക്കിംഗ് സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. ബഞ്ച് മാർക്കിംഗിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പദ്ധതികളുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ്. പദ്ധതികളിൽ ബഞ്ച് മാർക്കിംഗ് നടത്തുന്നതിനാവശ്യമായ ഡേറ്റാ ശേഖരിക്കുന്നതിനുള്ള ഗേജ് സ്റ്റേഷനുകൾ ആദ്യം നിർമ്മിക്കേണ്ടതുണ്ട്. ഇതിലേക്കായി 5 പദ്ധതികൾക്ക് (മലമ്പുഴ, പോത്തുണ്ടി, മംഗലം, പോർമംഗലം, വാളയാർ) 5.2 കോടി രൂപ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

കമാന്റ് ഏരിയ വികസന പദ്ധതിയുടെകീഴിൽ 18 ജലസേചന പദ്ധതികളാണ് സമഗ്രവികസനത്തിനായി ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 14 ജലസേചന പദ്ധതികളിൽ കാഡ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അവ പാലക്കാട് ജില്ലയിലെ മലമ്പുഴ, വാളയാർ, പോത്തുണ്ടി, ഗായത്രി, മംഗലം, ചിറ്റൂർപ്പുഴ, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, തൃശ്ശൂർ ജില്ലയിലെ പീച്ചി, വാഴാനി, ചിമ്മിക്കുഴി, പാലക്കുടി, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, പത്തനംതിട്ട ജില്ലയിലെ പമ്പ, എറണാകുളം ജില്ലയിലെ പെരിയാർവാലി എന്നിവയാണ്. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളായ പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ, കൊല്ലം ജില്ലയിലെ കല്ലട, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴവാലി എന്നീ ജലസേചനപദ്ധതികളിലും സി.എ.ഡി.ഡബ്ല്യു.എം. പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു. കണ്ണൂർ ജില്ലയിലെ പഴശ്ശി പദ്ധതിയിൽ 2013 മാർച്ചിൽ CADWM പദ്ധതി പൂർത്തിയാക്കി.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചന സംവിധാനങ്ങളുടെ നിറം മെച്ചപ്പെടുത്തുന്നതിനായി AIBP (IRM), 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും DRIP സ്കീമിൽ ഉൾപ്പെടുത്തി ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും നടത്തിവരുന്നു.

(ബി) നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ ബഞ്ച് മാർക്കിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) ബഞ്ച് മാർക്കിംഗിനായി 5 ലക്ഷം രൂപയാണ് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

കേരള വാട്ടർ അതോറിറ്റിയിലെ ഇ.ആർ.പി. സംവിധാനം

127 (6832) ശ്രീ. ആർ. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇ.ആർ.പി. സംവിധാനം നടപ്പാക്കേണ്ടതിന്റെ ആവശ്യകത എന്താണെന്നും ഇക്കാര്യം ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ടു പരിശോധിക്കുമോ എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുകൊണ്ട് വാട്ടർ അതോറിറ്റിക്കുകൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്വെയറുകൾ കേന്ദ്രീകൃതമാക്കുക എന്നതാണ് ഇ.ആർ.പി.-യുടെ ആവശ്യകത. ഇത് സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധന ഇപ്പോൾ ആവശ്യമാണെന്ന് കരുതുന്നില്ല.

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുകൊണ്ട് വാട്ടർ അതോറിറ്റിയ്ക്ക് താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിയും :

1. അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ കേന്ദ്രീകൃത സോഫ്റ്റ്വെയറാണ് ഇ.ആർ.പി. വരവ് ചെലവ് കണക്കുകൾ സൂക്ഷ്മമായി പരിശോധിക്കാനും നിയന്ത്രിക്കുവാനും അനാവശ്യ ചെലവുകൾ കുറയ്ക്കുവാനും ഇതുവഴി സാധ്യമാകുന്നതാണ്.

2. ജീവനക്കാരുടെ ആനുകൂല്യങ്ങൾ (പ്രൊമോഷൻ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ലീവ് തുടങ്ങിയവ) കൃത്യമായി നിരീക്ഷിക്കാനും കാലതാമസം കൂടാതെ നടപ്പിലാക്കാനും സാധ്യമാകുന്നതാണ്.

3. എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി നടപ്പിലാക്കാനും അധിക ചെലവുകൾ നിയന്ത്രിക്കാനും ഉതകുന്നതാണ്. അറ്റകുറ്റപ്പണികളും പമ്പുകളുടേയും പൈപ്പുകളുടേയും

LIBRARY ARCHIVES Kerala Legislative Assembly